98069/2018/TAPAL DPI

File No.GEDN-S2/180/2018-G.EDN

OFFICE OF THE DIRECTOR OF PUBLIC INSTRUCTION
11 SEP 2018
THIRUVANANTHAPURAM

വളരെ അടിയന്തിരം
**കേരള സർക്കാർ**
**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

നം.എസ്2/180/2018/ പൊ.വി.വ

തിരുവനന്തപുരം,05/09/2018,
Email.sosgeneraleducation@gmail.com
Tele No.0471 2518260

ഗവ. സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - നിയമനാംഗീകാരം - അപ്പീലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ തീർപ്പാക്കുന്നതിന് നിർദ്ദേശം നല്കുന്നതു - സംബന്ധിച്ച്.

സൂചന:- പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിന്റെ 28.05.2018 ലെ 587228/ജെ1/16/പൊ.വി.വ അനൗദ്യോഗിക കുറിപ്പ്

സൂചനയിലെ അനൗദ്യോഗിക കുറിപ്പിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.നിയമനാംഗീകാര ശുപാർശ നിരസിച്ചതിനെതിരെ പരാതിക്കാർ താങ്കൾക്ക് സമർപ്പിക്കുന്ന അപ്പീലുകളിൽ യാതൊരു തീരുമാനങ്ങളും എടുക്കാതെ കാലതാമസമുണ്ടാകുന്നതിനാൽ ഹർജിക്കാർ സർക്കാരിൽ വീണ്ടും അപ്പീലുകൾ സമർപ്പിക്കുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. ഹിയറിംഗുകളിൽ താങ്കളുടെ ഓഫീസിൽ നിന്നും സമർപ്പിക്കുന്ന റിപ്പോർട്ടുകൾ മറ്റ് വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും ലഭ്യമാക്കുന്ന റിപ്പോർട്ടുകളുടെ പകർപ്പുകൾ മാത്രമാണ്. വിഷയങ്ങൾ ശരിയ്ക്കു പരിശോധിക്കാതെയും ഉത്തരവുകളിൽ കാലകാലങ്ങളിലുണ്ടാകുന്ന ഭേദഗതികൾ പരിഗണി ക്കാതെയുമാണ് പ്രസ്തുത റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുന്നത്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിയമാനുസൃതം നടപടി സ്വീകരിച്ച് തീരുമാനമുണ്ടാകാത്തതിനാലാണ് വീണ്ടും സർക്കാരിൽ അപ്പീൽ ലഭിക്കുന്നത്. ഈ അപ്പീലുകളിലെല്ലാം പരാതിക്കാരെ നേരിൽകേട്ട് സർക്കാർ തലത്തിൽ തീർപ്പാക്കുന്ന മുറയ്ക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഫയലുകളിലും നടപടി അവസാനിപ്പിക്കുന്നതായി കാണുന്നു. തെറ്റായ ഈ പ്രവണത പ്രോത്സാഹിപ്പിക്കുവാൻ കഴിയുന്നതല്ല.

ഇതു സംബന്ധിച്ച് സൂചന അനൗദ്യോഗിക കുറിപ്പ് പ്രകാരം സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പരാതികൾ വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചതിനെതിരെ കെ.ഇ.ആർ ചട്ടം 92 അനുസരിച്ച് ലഭിക്കുന്ന അപ്പീലുകൾ താങ്കളുടെ

98069/2018/TAPAL DPI

File No.GEDN-S2/180/2018-G.EDN

ഓഫീസിലേയ്ക്ക് അയക്കുന്നതാണ്. ബന്ധപ്പെട്ട വിദ്യാഭ്യാസ ചട്ടങ്ങൾ / സർക്കാർ ഉത്തരവുകൾ അടിസ്ഥാനമാക്കി ആയവ അടിയന്തിരമായി പരിശോധിച്ച് തീർപ്പാക്കാൻ ഇതിനാൽ നിർദ്ദേശം നൽകുന്നു. മേൽ നിർദ്ദേശം നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നപക്ഷം ആയത് ഗുരുതരമായ വീഴ്ചയായി സർക്കാർ കണക്കാക്കുന്നതാണ്.

വിശ്വസ്തതയോടെ,
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി
സ്പെഷ്യൽ സെക്രട്ടറിയ്ക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No.DPI/86121/2018-H1

**പൃ.എ.കത്ത് നമ്പർ എച്ച്1/80094/2018/ഡിപിഐതീയതി 12-09-2018**

സർക്കാർ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നത് കാണുക. എയ്ഡഡ് സ്കൂളിലെ നിയമനങ്ങൾക്കുള്ള അംഗീകാരം നിരസിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ തലം വരെയുള്ള അപ്പീൽ / റിവിഷൻ അപ്പീൽ സൗകര്യം പ്രയോജനപ്പെടുത്തിയതിനു ശേഷം മാത്രമേ KER അദ്ധ്യായം XIV A, ചട്ടം 92 അനുസരിച്ചുള്ള അപ്പീൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതുള്ളു എന്നും അങ്ങനെയല്ലാതെ സമർപ്പിക്കപ്പെടുന്ന അപ്പീലുകൾ അവിടെ പരിഗണിക്കാതെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലേക്ക് അയക്കുമെന്നുമാണ് ഈ കത്തിലെ നിർദേശം. ഈ സർക്കാർ നിർദേശം വിദ്യാഭ്യാസ ഓഫീസർമാർ എല്ലാ മാനേജർമാരുടെയും അധ്യാപകരുടെയും അറിവിലേക്കായി അടിയന്തരമായി നൽകേണ്ടതാണ്.

JESSY JOSEPH
ADDITIONAL DIRECTOR(GEN)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

സ്വീകർത്താക്കൾ

1) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3) എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാർക്കും
*(വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം)*

പകർപ്പ്

1) വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര
*(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*
2) യൂണിറ്റ് ഓഫീസർ & സൂപ്രണ്ട്,
ജി, എഫ്, ഇ.റ്റി, ഇ.എം, ഇ.സി, ആർ.എ സെക്ഷനുകൾ